# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ **3565** **20.06.2019** ൽ മറുപടിക്ക്

### വാരാപ്പുഴയിലെ പോലീസ് കസ്റ്റഡി മരണം

| ചോദ്യം: | ഉത്തരം : |
|---|---|
| **ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. എം.വിൻസെന്റ്** | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| **(എ)** വാരാപ്പുഴയിൽ പോലീസ് കസ്റ്റഡിയിൽ ശ്രീജിത് മരിച്ചതുമായി ബന്ധപ്പെട്ട് ആരോപണ വിധേയനായ മുൻ എറണാകുളം റൂറൽ എസ്.പി.ക്കെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടി അവസാനിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | **(എ)** അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| **(ബി)** ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്ത ടൈഗർ ഫോഴ്സ് ആരുടെ നിർദ്ദേശപ്രകാരമാണ് രൂപീകരിച്ചത്; അതിന് സർക്കാരിന്റെ അനുമതി ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ; | **(ബി)** റൂറൽ ടൈഗർ ഫോഴ്സ് രൂപീകരിച്ചത് മുൻ എറണാകുളം എസ്.പി. ആയിരുന്ന ശ്രീ. എ.വി.ജോർജ്ജ് IPS-ന്റെ നിർദ്ദേശ പ്രകാരമാണ്. ഇതിന് സർക്കാരിന്റെ അനുമതി തേടിയിരുന്നില്ല. |
| **(സി)** ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്ത കാര്യം ടൈഗർ ഫോഴ്സിലെ പോലീസുകാർ എസ്.പി.യെ ഫോണിൽ അറിയിച്ചിരുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | **(സി)** ഉണ്ട്. |
| **(ഡി)** ഒരാളെ കസ്റ്റഡിയിലെടുക്കുന്നതിന് മുൻപ് പോലീസ് സ്വീകരിക്കേണ്ട സുപ്രീംകോടതി വിധിപ്രകാരമുള്ള നടപടിക്രമങ്ങൾ ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തപ്പോൾ പോലീസ് സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ അതിന്റെ പേരിൽ സ്വീകരിച്ച നടപടികൾ എന്താണ് എന്നറിയിക്കുമോ; | **(ഡി)** ഇല്ല. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

**(ഇ)** അനധികൃതമായി ടൈഗർ ഫോഴ്സ് എന്ന പ്രത്യേക സംവിധാനം രൂപീകരിക്കുകയും അതിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുകയും ചെയ്ത പ്രസ്തുത എസ്.പി.യെ കുറ്റവിമുക്തനാക്കിയതിലൂടെ ഇത്തരം ക്രൂരകൃത്യം ചെയ്യുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുമെന്ന സന്ദേശമാണ് നൽകുന്നത് എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

**(ഇ)** വാരാപ്പുഴ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസിൽ കുറ്റാരോപിതർക്കെതിരെ ക്രിമിനൽ നടപടി എടുത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**